**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2048 18.07.2016 -ൽ മറുപടിക്ക്**

## ഇരിണാവ് പാലം നിർമ്മാണം

| **ചോദ്യം**<br>**ശ്രീ.റ്റി.വി.രാജേഷ്** | **ഉത്തരം**<br>**ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
|---|---|
| (എ) 4.3.2016 ന് 1645 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച കല്ല്യാശ്ശേരി മണ്ഡല ത്തിലെ ഇരിണാവ് പാലം നിർമ്മിക്കു ന്നതിന് എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചി ട്ടുള്ളത്; വിശദാംശം നൽ കുമോ; ഇതിന്റെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയു മെന്ന് വ്യക്തമാക്കുമോ? | (എ) 04.03.2016 ലെ ജി.ഒ (ആർ.റ്റി)580/16 പൊ.മ.വ പ്രകാരം കല്ല്യാശ്ശേരി മണ്ഡല ത്തിലെ ഇരിണാവ് പാലം നിർമ്മിക്കു ന്നതിന് 1645 ലക്ഷം രൂപയുടെ ഭരണാ നുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പാലത്തിന് ആവശ്യമായ മുഴുവൻ സ്ഥലവും ലഭിക്കാത്തതിനാൽ സാങ്കേതി കാനുമതി ഇതുവരെ നൽകിയിട്ടില്ല. എന്നാൽ സ്വകാര്യ വ്യക്തികളിൽ നിന്നും ഏറ്റെടുക്കേണ്ട ഭൂമിയ്ക്കുള്ള നഷ്ടപരിഹാര തുകയായ 4238517 രൂപയ്ക്കുള്ള ചെക്ക് തലശ്ശേരി സ്ഥലമെടുപ്പ് തഹസിൽദാർക്ക് 29.01.2016 ന് കൈമാറിയിട്ടുണ്ട്. കൂടാതെ നിർമ്മാണവുമായി ബന്ധപ്പെട്ട് ജല-സേചന വകുപ്പിന്റെ പുറമ്പോക്ക് ഭൂമി കൂടി ആവശ്യമാണ്. ആയത് ലഭ്യമാക്കു ന്നതിന് നടപടി സ്വീകരിച്ചു വരുന്നു. സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് പ്രത്യേകാനുമതിയും സാങ്കേതികാനു-മതിയും നൽകി പണി തുടങ്ങുവാനുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും. |

**സെക്ഷൻ ഓഫീസർ**